സുബൈർ കുന്ദമംഗലം

# ആരാധനകളിലെ സന്തുലിതത്വം

عَنْ عَبْدِ للهِ بن عَمْرُوبن العَاصِ رَضِيَ اللَّهُ عَنْهُ قَالَ لِي رَسُولُ للهِ : يَاعَبْدَ للهِ ألم أُخْبَرْأَنَّكَ تَصُومُ
النَّهَارَوَتَقُومُ اللَّيْلَ؟ فَقُلتُ: بَلَى يَارَسُولَ للهِ قَالَ: فَلاَتَفْعَلْ صُمْ وَافْطِرْوَقُمْ وَنَمْ فَإِنَّ لِجَسَدِكَ عَلَيْكَ
حَقًّاوَإِنَّ لِزَوْجِكَ عَلَيْكَ حَقًّاوَإِنَّ لِعَيْنِكَ عَلَيْكَ حَقًّاوَإِنَّ لِزَوْرِكَ عَلَيْكَ حَقًّاوَإِنَّ بِحَسْبِكَ اَنْ تَصُومَ كُلَّ
شَهْرٍ ثَلَاثَةَ أَيَّامٍ فَإِنَّ لَكَ بِكُلِّ حَسَنَةٍ عَشْرَأَمْثَالِهَا فَإِنَّ ذَلِكَ صِيَامُ الدَّهْرِكُلِّهِ فَشَدَدْتُ فَشَدَّدَ عَلَيَّ قلتُ:
يَارَسُولَ للهِ إِنِّي أَجِدُ قُوَّةً قَالَ: فَصُمْ صِيَامَ نَبِيِّ للهِ دَاوُدَ عَلَيْهِ السَّلَامُ وَلاَتَزِدْ عَلَيْهِ قُلْتُ: وَمَا كَانَ صِيَامُ
نَبِيِّ للهِ دَاوُدَ؟ قَالَ: نِصْفُ الدَّهْرِ. فَكَانَ عَبْدُ للهِ يَقُولُ بَعْدَمَا كَبُرَ: يَالَيْتَنِى قَبِلْتُ رُخْصَةَ النَّبِيِّ .
(رواه البخاري و مسلم).

**അബ്ദുല്ലാഹിബ്നു അംറി(റ)ൽനിന്ന് നിവേദനം: നബി (സ) എന്നോട് ചോദിച്ചു. "അല്ലയോ അബ്ദുല്ല, താങ്കൾ രാത്രി മുഴുവൻ നമസ്കരിക്കുകയും പകൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുകയാണെന്ന് എനിക്ക് വിവരം ലഭിച്ചിരിക്കുന്നു." ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അത് ശരിയാണ്." അവിടുന്ന് പറഞ്ഞു: "എന്നാൽ താങ്കൾ അങ്ങനെ ചെയ്യരുത്. നോമ്പെടുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുക. രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുക. താങ്കളുടെ ശരീരത്തോട് താങ്കൾക്കു ബാധ്യതയുണ്ട്. കണ്ണുകളോട് താങ്കൾക്കു ബാധ്യതയുണ്ട്. താങ്കളുടെ ഇണയോട് താങ്കൾക്കു ബാധ്യതയുണ്ട്. താങ്കളെ സന്ദർശിക്കുന്നവരോടും താങ്കൾക്കു ബാധ്യതയുണ്ട്. എല്ലാ മാസവും മൂന്ന് നോമ്പെടുത്താൽ താങ്കൾക്കു മതിയാകുന്നതാണ്. കാരണം, ഓരോ നന്മക്കും താങ്കൾക്കു പത്തിരട്ടി പ്രതിഫലമുണ്ട്. അപ്പോൾ അതുതന്നെ ഒരു വർഷം മുഴുക്കെയുള്ള വ്രതമായി." ഞാൻ കാർക്കശ്യം പൂണ്ടു. അപ്പോൾ അവിടുന്ന് എന്നോടും കർക്കശക്കാരനായി. ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, എനിക്കതിന് ശക്തിയുണ്ട്." നബി (സ) പറഞ്ഞു: "എങ്കിൽ താങ്കൾ ദാവൂദി(അ)ന്റെ വ്രതം അനുഷ്ഠിക്കുക. അതിനേക്കാൾ വർധിപ്പിക്കരുത്." ഞാൻ ചോദിച്ചു: "ദാവൂദി(അ)ന്റെ വ്രതം എങ്ങനെയായിരുന്നു?" അവിടുന്ന് പറഞ്ഞു: "ഒരു വർഷത്തിന്റെ പകുതി." പ്രായം ചെന്നപ്പോൾ അബ്ദുല്ല പറയുമായിരുന്നു: "നബി (സ) അനുവദിച്ച ഇളവ് ഞാൻ സ്വീകരിച്ചിരുന്നെങ്കിൽ!" (ബുഖാരി, മുസ്ലിം).**

ജീവിതത്തിന്റെ നിഖില മേഖലകളെ ചൂഴ്ന്നുനിൽക്കുന്ന ഇസ്ലാം ഭദ്രവും സന്തുലിതവുമായ കാഴ്ചപ്പാടുള്ള ദർശനമാണ്. ആധ്യാത്മികമെന്നും ഭൗതികമെന്നും വേർപ്പെടുത്താതെ ജീവിതം തന്നെയാണ് ഭക്തിയെന്ന് ഇസ്ലാം പ്രഖ്യാപിച്ചു. ജീവിക്കുന്ന ചുറ്റുപാടിൽനിന്നുകൊണ്ട് പ്രവാചകനെ അനുകരിച്ചാൽ മതിയെന്നും അവിടുന്ന് ജീവിച്ച നൂറ്റാണ്ടിനെ അനുകരിക്കേണ്ടതില്ലെന്നും പഠിപ്പിച്ചു. മലമടക്കിലും മഠങ്ങളിലും ജടപിടിച്ച മുടിയും പ്രാകൃത വേഷവുമായി സന്യസിക്കുന്നതിന്റെ പേരല്ല ഇസ്ലാം. സമൂഹങ്ങളുമായി ഇഴുകിച്ചേർന്ന്, സാമൂഹികപ്രശ്നങ്ങളിൽ ഇടപെട്ട് ജനങ്ങളിൽ ഒരാളായി ഭക്തിജീവിതം നയിക്കുന്നതിന്റെ പ്രായോഗിക രൂപമാണത്.

''ഇപ്രകാരം നാം നിങ്ങളെ ഒരു മിത സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ലോകജനങ്ങൾക്ക് സാക്ഷികളാകുന്നതിനുവേണ്ടി. ദൈവദൂതൻ നിങ്ങൾക്കു സാക്ഷിയാകാൻ വേണ്ടിയും'' (*അൽബഖറ* :143).

ആരാധനകളുടെ പേരിൽ ശരീരപീഡ നടത്തുന്നതും പ്രാകൃത വേഷം സ്വീകരിക്കുന്നതും ഇസ്‌ലാം അംഗീകരിക്കുന്നില്ല. അനന്തരാവകാശികൾക്ക് യാതൊന്നും അവശേഷിപ്പിക്കാതെ സമ്പത്ത് മുഴുവൻ ദാനം ചെയ്യാൻ താൽപര്യപ്പെട്ട സഅ്ദുബ്നിനു അബീവഖാസിനെ പ്രവാചകൻ തടയുകയുണ്ടായി.

ജീവിതത്തിന്റെ സകല രംഗങ്ങളിലും മിതത്വം പാലിക്കാൻ അനുശാസിക്കപ്പെട്ടവരാണ് മുസ്‌ലിംകൾ. നിത്യജീവിതത്തിൽ ധൂർത്തോ ലുബ്ധോ പാടില്ല. ''നീ നിന്റെ കൈ പിരടിയിൽ ബന്ധിക്കരുത്. അത് പറ്റേ അഴിച്ചിടുകയും അരുത്'' (*അൽ ഇസ്‌റാഅ്*:29). സന്തോഷവേളയിലും സന്താപത്തിലും മതിമറന്ന് പ്രവർത്തിക്കരുത്. മുസ്‌ലിമിന്റെ കാര്യം അത്ഭുതമാണ്. സന്തോഷവേളയിൽ അവൻ നാഥനോട് നന്ദി കാട്ടുന്നു. ദുഃഖത്തിന്റെ കരിമുകിൽ വീഴുമ്പോൾ സഹിക്കുന്നു. രണ്ടും അവനു ഗുണംതന്നെ.

മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചിട്ടുള്ളത് അല്ലാഹുവിന് ഇബാദത്ത് ചെയ്യാനാണെന്ന് വെളിപ്പെടുത്തിയ ഖുർആൻ ആരാധനകളിൽ അതിരുകവിഞ്ഞ വേദക്കാരെ ശാസിക്കുകയും ചെയ്തു. ''പറയുക. വേദക്കാരേ, നിങ്ങൾ അന്യായമായി നിങ്ങളുടെ മതത്തിൽ അതിരുകവിയരുത്'' (*അൽമാഇദ*: 77).

നമസ്കാരശേഷം പള്ളിയിൽ ചടഞ്ഞിരിക്കാതെ ഭൂമിയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടിയിറങ്ങണമെന്നു ഖുർആൻ. ജനങ്ങളിൽ ഒരുവനായി ജീവിച്ച പ്രവാചകൻ, സാമൂഹികജീവിതം പ്രോത്സാഹിപ്പിക്കുകയും ഒറ്റപ്പെട്ട ജീവിതം നിരുത്സാഹപ്പെടുത്തുകയും ചെയ്തു.

നബി(സ)യുടെ ഇബാദത്തിനെക്കുറിച്ച് അന്വേഷിച്ച മൂന്നു പേരുടെ സംഭാഷണത്തെ സംബന്ധിച്ച് അനസ് (റ) നിവേദനം ചെയ്തിട്ടുണ്ട്. ''അവർക്ക് അത് ചെറുതായി തോന്നി. അവർ പരസ്പരം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതനുമായി താരതമ്യം ചെയ്യുമ്പോൾ നാം എവിടെ! 'അതിലിങ്ങനെ കൂടിയുണ്ട്: കൂട്ടത്തിൽ ഒരാൾ പറഞ്ഞു; 'ഞാനിനി വർഷം മുഴുവൻ തുടർച്ചയായി നോമ്പനുഷ്ഠിക്കും. ഒരിക്കലും നോമ്പ് മുറിക്കില്ല.' എന്നാൽ അവരുടെ നിലപാടിനെ നിരാകരിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: ''നിങ്ങളിൽ അല്ലാഹുവെ ഏറ്റം സൂക്ഷിക്കുന്നവൻ ഞാനാകുന്നു. നിങ്ങളിൽ അവനെ ഏറ്റം ഭയപ്പെടുന്നവനും ഞാനാകുന്നു. എങ്കിലും ഞാൻ രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. എന്റെ ചര്യ വെറുക്കുന്നവൻ എന്നിൽപെട്ടവനല്ല'' (മുസ്‌ലിം).

സൽമാൻ, അബുദ്ദർദാഅ് എന്നിവരിൽനിന്ന് നിവേദനം: നബി (സ) അവരെ പരസ്പരം സഹോദരന്മാരാക്കി. ഒരു ദിവസം സൽമാൻ അബുദ്ദർദാഇനെ സന്ദർശിച്ചപ്പോൾ അയാളുടെ ഭാര്യ ഉമ്മുദർദാഅ് മുഷിഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്നത് ശ്രദ്ധിച്ചു. സൽമാൻ ചോദിച്ചു: 'നിനക്ക് എന്തു പറ്റി?' അവർ പറഞ്ഞു: 'നിങ്ങളുടെ സഹോദരൻ അബുദ്ദർദാഇന് ഐഹിക കാര്യങ്ങളിലൊന്നും യാതൊരു താൽപര്യവുമില്ല.' ആ ഹദീസിൽഇങ്ങനെകാണാം:സൽമാൻഅബുദ്ദർദാഇനോട് പറഞ്ഞു: 'താങ്കൾക്ക് താങ്കളുടെ രക്ഷിതാവിനോട് ബാധ്യതയുണ്ട്. സഹധർമിണിയോടും സ്വശരീരത്തോടും താങ്കൾക്ക് ബാധ്യതയുണ്ട്. അതുകൊണ്ട് താങ്കൾ നോമ്പനുഷ്ഠിക്കുകയും ഒഴിവാക്കുകയും ചെയ്യുക. താങ്കളുടെ ഭാര്യയോടൊത്തു ശയിക്കുക. എല്ലാറ്റിനും അതിന്റെ അവകാശം വകവെച്ചുകൊടുക്കുക.' അബുദ്ദർദാഅ് നബി(സ)യോട് ഇക്കാര്യം പറഞ്ഞപ്പോൾ അവിടുന്ന് പ്രതികരിച്ചു: 'സൽമാൻ പറഞ്ഞത് സത്യമാണ്' *(ബുഖാരി).*

ആരാധനകളുടെ പേരിൽ ശരീരപീഡ നടത്തുന്നതും പ്രാകൃത വേഷം സ്വീകരിക്കുന്നതും ഇസ്‌ലാം അംഗീകരിക്കുന്നില്ല. അനന്തരാവകാശികൾക്ക് യാതൊന്നും അവശേഷിപ്പിക്കാതെ സമ്പത്ത് മുഴുവൻ ദാനം ചെയ്യാൻ താൽപര്യപ്പെട്ട സഅ്ദുബ്നിനു അബീവഖാസിനെ പ്രവാചകൻ തടയുകയുണ്ടായി. സ്വത്തിന്റെ മൂന്നിലൊന്നു പോലും ദാനം ചെയ്യേണ്ടതില്ലെന്നും മക്കളെ ഐശ്വര്യവാന്മാരായി വിട്ടേച്ചു പോകുന്നതാണ്, അവരെ യാചകരായി തെരുവിലേക്ക് തള്ളുന്നതിനേക്കാൾ നല്ലതെന്നും അവിടുന്ന് പ്രസ്താവിച്ചു (*ബുഖാരി*).

മേൽകൊടുത്ത ഹദീസും, ആരാധനാനുഷ്ഠാനങ്ങളാണെങ്കിലും കാർക്കശ്യമരുത് എന്ന സന്ദേശമാണ് നൽകുന്നത്. നബി (സ) നൽകിയ ഇളവുകൾ വേണ്ടെന്നുവെച്ച് ദാവൂദ് നബി(അ)യെപ്പോലെ വർഷത്തിന്റെ പകുതി ദിനങ്ങളും നോമ്പെടുക്കാൻ തീരുമാനിച്ച അബ്ദുല്ലാഹിബ്നു അംറ് എന്ന സ്വഹാബി, പ്രായമായപ്പാൾ തനിക്കത് പ്രയാസകരമായി എന്നും നബി (സ) അനുവദിച്ച ഇളവുകൾ സ്വീകരിക്കുകയാണ് വേണ്ടിയിരുന്നതെന്നും പറയുകയാണ്. മിതത്വം എന്ന ആശയമാണ് ഈ പ്രവാചക വചനങ്ങളിൽനിന്നെല്ലാം ഉരുത്തിരിയുന്നത്.

●